# KERALA PRIVATE COLLEGE TEACHER

16
Dece: Jan:
1979–'80

A. K. P. C. T. A.
Journal

# kerala private college teacher

monthly journal of the

all kerala private college teachers' association

in this issue:

editorial

a. k. p. c. t. a. 11th convention:
general secretary

democratisation of educational institutions:
prof: ram joshi, vice-chancellor, university of bombay
minority rights: AUT, tamilnadu.

the techers in the minority institutions:
prof: h. c. mehta.

government orders.

a. k. p. c. t. a. news and notes

editorial board
r. r. c. nair
v. narayanan kutty
m r. chandrasekharan
k. c. chacko
n. j. jacob
v. n. murali (chief editor)

# വിജയകരമായ പണിമുടക്ക്

ഡിസംബർ 5ന്റെ സൂചനാപണിമുടക്ക് വലിയൊരു വിജയമാക്കിയ എല്ലാവർക്കും അഭിനന്ദനങ്ങൾ. 'അവകാശങ്ങൾക്കൊരു സമരം അതു നടപ്പിലാക്കാൻ മറ്റൊരു സമരം' എന്ന മുദ്രാവാക്യം ഏറെക്കാലമായി നമുക്കു വിളിയ്ക്കേണ്ടി വരുന്നുണ്ട്. ഡിസംബർ അഞ്ചിന്റെ പണിമുടക്കിലും അതുതന്നെയാണ് വേണ്ടിവന്നത്.

ജൂലൈ നാലിനാരംഭിക്കാനിരുന്ന അനിശ്ചിത കാലപണിമുടക്ക് ഒഴിവാക്കാൻ സർക്കാർ, സംയുക്തസമരസമിതിയുമായുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കി കിട്ടിൻ നാലുമാസം നമ്മൾ കാത്തിരുന്നു. ചന്ദ്രഭാനുക്കമ്മീഷൻ സൃഷ്ടിച്ചുവെച്ച അപാകതകൾ പരിഹരിയ്ക്കുന്ന പ്രശ്നം നീട്ടിവെയ്ക്കാവുന്നതല്ല. ഫിസിക്കലെഡ്യുക്കേഷൻ അധ്യാപകരെ തരംതാഴ്ത്തിയ നടപടി റദ്ദാക്കുക, ജൂനിയർ ലക്ചറർ സർവ്വീസ് കൂടി നോൺകേഡർ പ്രൊഫസർ ഷിപ്പിന് പരിഗണിയ്ക്കുക, ഫസ്റ്റ്ഗ്രേഡ് നോൺകേഡർ പ്രൊഫസർ ഷിപ്പ് അനുവദിയ്ക്കുക എന്നീ ആവശ്യങ്ങൾ എത്രയും പെട്ടെന്നു തന്നെ അനുവദിച്ചുകിട്ടേണ്ടതുണ്ട്. അതുപോലെ കരിനിയമങ്ങൾ പിൻവലിയ്ക്കുക, യു. ജി. സി. സ്കെയിൽ നടപ്പിലാക്കുക തുടങ്ങിയ നമ്മുടെ ആവശ്യങ്ങളെ സംബന്ധിച്ച് ഉടൻ തന്നെ ചർച്ച ആരംഭിക്കുന്നതാണെന്ന ഒത്തുതീർപ്പു വ്യവസ്ഥകളിലെ ഉറപ്പും പാലിക്കപ്പെട്ടിട്ടില്ല. ഇതിനിടെ, ഒത്തുതീർപ്പു വ്യവസ്ഥകൾ ഉടനടി നടപ്പിലാക്കി കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് സംയുക്ത സമരസമിതി പലതവണ രേഖാമൂലവും നേരിട്ടും സർക്കാരിനോട് പരാതിപ്പെട്ടു. നവമ്പർ 5ന് സംസ്ഥാനവ്യാപകമായി പ്രതിഷേധദിനം ആചരിച്ചു. സെക്രട്ടറിയേററു നടയിൽ കൂട്ടധർണയും, ജില്ലാതലസ്ഥാനങ്ങളിൽ പന്തം കൊളുത്തി പ്രകടനവും നടത്തി. ഇങ്ങനെ, ജീവനക്കാർക്കുള്ള അമർഷവും പ്രതിഷേധവും പലരീതിയിൽ അറിയിച്ചിട്ടും സർക്കാർ അനങ്ങാപ്പാറനയം സ്വീകരിച്ചപ്പോഴാണ് നമുക്ക് പണിമുടക്കിലേയ്ക്ക് നീങ്ങേണ്ടിവന്നത്.

അധ്യാപകരുടെ അടിയന്തിരാവശ്യങ്ങൾക്കു വേണ്ടി അഞ്ചാംതീയതി നടത്തിയ ഈ സമരത്തിലും പി. സി. ടി. എ. അവരുടെ തനിനിറം പുറത്തുകാട്ടി. ഈ സമരത്തിൽ ഞങ്ങൾക്ക് പങ്കില്ലെന്നു പറഞ്ഞു കൊണ്ട് ഒരു വാറോലയുമായി ഇത്തവണയും പി. സി. ടി. എ. പ്രത്യക്ഷപ്പെട്ടു. ഏതു സമരത്തിലാണാവോ ഇവർക്കു പങ്കുണ്ടായിരുന്നത്? സമരത്തിലൊന്നും ഇവർക്കു പങ്കില്ലെങ്കിലും, സമരത്തിലൂടെ ഉണ്ടാകുന്ന നേട്ടങ്ങളിലൊക്കെ ഇവററകൾക്ക് പങ്കുണ്ട്! ജൂലൈ നാലിന്റെ സമരത്തിൽ ഉണ്ടായ ഒത്തുതീർപ്പനുസരിച്ച്, നോൺകേഡർ പ്രൊഫസർഷിപ്പിനുള്ള 15 വർഷം 13–ായി കുറച്ചു കിട്ടിയപ്പോൾ 'അതു നമ്മളാണ്' എന്നൊരു പ്രസ്താവനയുമായി പി. സി. ടി. എ പ്രത്യക്ഷപ്പെട്ടു. സമരത്തിനുമുമ്പ് അതിനെതിരേ പ്രസ്താവന ഇറക്കുക, സമരം കഴിഞ്ഞ് നേട്ടമുണ്ടായാൽ അത് ഞങ്ങളുടെ നേട്ടമാണെന്നു പറയുക! അവകാശസമരങ്ങളെ വഞ്ചിയ്ക്കുന്ന പാരമ്പര്യത്തിൽ പിറന്നു വീണ പി. സി. ടി. എ. ഇത്തവണയും പ്രസ്താവനയുമായി വന്നില്ലെങ്കിലേ നമുക്ക് അത്ഭുതമുണ്ടാകുമായിരുന്നുള്ളൂ.

ഏതായാലും പണിമുടക്ക് വിജയിച്ചു. ജീവനക്കാരുടെ വികാരം ഗവൺമെന്റിനു മനസ്സിലായിരിക്കണം. നമ്മെ സംബന്ധിച്ചിടത്തോളം, ഒരു അനിശ്ചിതകാല പണിമുടക്കിലൂടെ മാത്രമേ ഇനിയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളുവെങ്കിൽ അതിനും തയ്യാർ തന്നെ.

★

# ശിശുവർഷം

ശിശുവർഷം' കടന്നു പോയിരിയ്ക്കുന്നു.

ആഹാരമില്ലാതെ, വസ്ത്രമില്ലാതെ
ആരോഗ്യ സംരക്ഷണമില്ലാതെ
വിദ്യാഭ്യാസമില്ലാതെ വലയുന്ന
കുട്ടികളുടെ എണ്ണം പെരുകിപ്പെരുകിവരുന്നു.

ശിശുവർഷത്തിൽ ത്തന്നെ
ഒരു വയസ്സിനു താഴെയുള്ള
മുപ്പതു ലക്ഷത്തിൽപ്പരം കുട്ടികൾ മരിച്ചു;
അതിൽ പത്തുലക്ഷവും പട്ടിണികൊണ്ടുമാത്രം

ഇന്ത്യയിൽ '79ൽ കണക്കും പ്രകാരം
ഇരുപത്തിയാറു കോടി കുട്ടികൾ.
ഇതിൽ ഇരുപതു ശതമാനവും
പ്രായപൂർത്തിയെത്തുന്നതിനു മുമ്പ്
മരണ മടയുന്നു!

വിദ്യാഭ്യാസരംഗത്ത് കുട്ടികളുടെ നില
അതിദയനീയം.
പ്രൈമറി രംഗത്തുതന്നെ കാണുന്ന
'കൊഴിഞ്ഞു പോകൽ' ഞെട്ടിപ്പിയ്ക്കുന്നു
എവിടേയ്ക്കാണ് അവർ' കൊഴിഞ്ഞു വീഴുക'?
—ബസ്റ്റാൻറിലും, കോളേജുവരാന്തകളിലും
ക്യാൻറീൻവരാന്തകളിലും.
നമ്മൾ കാണുന്നു; വേദനിയ്ക്കുന്നു.

പ്രശ്നം ലളിതമല്ല; ലളിതമായ പരിഹാരവു
മില്ല.
ഉപരിപ്ലവചർച്ചകൾ പ്രയോജനം ചെയ്യില്ല
ശാസ്ത്രീയമായ വിലയിരുത്തലുകളു
ണ്ടാകണം
അതുവഴി പരിഹാരം കണ്ടെത്തണം

## ഉന്നതവിദ്യാഭ്യാസത്തെപ്പററി

ഡോ: കെ. എൻ. രാജ്

സർവ്വകലാശാലകൾ ബിരുദധാരികളെ ഉല്പാദിപ്പിക്കുന്ന ഫാക്ടറികളായി അധ:പതിച്ചിരിയ്ക്കുന്നുവെന്ന് പ്രസിദ്ധ ധനതത്ത്വശാസ്ത്രജ്ഞനായ ഡോ: കെ. എൻ. രാജ് അഭിപ്രായപ്പെട്ടിരിയ്ക്കുന്നു. സർവ്വകലാശാലകളിലെ ഗവേഷണപ്രവർത്തനത്തെപ്പററി, കേരളായൂണിവേഴ്സിററി ടീച്ചേർസ് അസോസിയേഷൻ സംഘടിപ്പിച്ച ഒരു സെമിനാറിൽ പങ്കെടുത്തു കൊണ്ടാണ് ഡോ: രാജ് ഇങ്ങനെ പറഞ്ഞത്.

ഗവേഷണരംഗത്തെ ശോചനീയാവസ്ഥയ്ക്കുള്ള അടിസ്ഥാനകാരണം ലക്ഷ്യബോധമില്ലാത്ത നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായമാണെന്ന് ഡോ: രാജ് തുടർന്നു പറഞ്ഞു. സർവ്വകലാശാലാ ബിരുദങ്ങൾക്ക് ലോട്ടറി ടിക്കററിൻെറ വിലമാത്രമേയുള്ളൂ. ലോട്ടറി ടിക്കററു പോലെയുള്ള ബിരുദക്കടലാസ്സുകളുമായി ഭാഗ്യാന്വേഷണത്തിനിറങ്ങുന്ന ചെറുപ്പക്കാരെയാണ് നമ്മുടെ സർവ്വകലാശാലകൾ സൃഷ്ടിച്ചുവിടുന്നത്. വിദ്യാഭ്യാസത്തിൻെറ പരമമായ ലക്ഷ്യം തൊഴിലിനു വേണ്ടിയുള്ള അന്വേഷണം മാത്രമാകുമ്പോൾ, മൗലികമായ ഗവേഷണത്തിൻെറ ഉറവിടമായ പ്രചോദനം ഇല്ലാതാവുകയും, ഗവേഷണവും തൊഴിലിനു വേണ്ടിയുള്ള വേട്ടയാടലിൻെറ ഭാഗമായി അധ:പതിക്കുകയും ചെയ്യുന്നു.

എ. കെ. പി. സി. ടി. എ.

# പതിനൊന്നാം കൺവെൻഷൻ

പ്രൊ. വി. നാരായണൻകുട്ടി, ജനറൽ സെക്രട്ടറി

## കൺവൻഷൻെറ പ്രാധാന്യം

മുമ്മൂന്ന് വർഷങ്ങൾ കൂടുമ്പോൾ നാം നടത്തുന്ന കൺവൻഷൻ നമ്മുടെ ഭരണഘടനയോടുള്ള ബാദ്ധ്യത മാത്രമല്ല. എ. കെ. പി. സി. ടി. എ. യുടെ ചരിത്രപഥത്തിലെ നാഴികകല്ലുകൾ തന്നെയാണ്. സംഘടനാരംഗത്തും സർവ്വകലാശാല ഭരണസമിതികളിലും അവകാശ സമരരംഗത്തും നമ്മുടെ പ്രവർത്തനങ്ങളും നേട്ടങ്ങളും പാളിച്ചകളും വിലയിരുത്തുവാനും അടുത്തനാലുവർഷത്തെ പ്രക്ഷോഭണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശകതത്വങ്ങൾ തുറന്ന ചർച്ചകളിലൂടെ ആവിഷ്ക്കരിയ്ക്കുവാനും നമുക്ക് അവസരം നൽകുന്നുവെന്നത് മാത്രമല്ല കൺവൻഷൻെറ മഹത്വം. സംഘടനയുടെ സമരോജ്ജ്വല ചരിത്രം അഭിമാനപൂർവ്വം അനുസ്മരിക്കുവാനും അതിൽനിന്നു ആവേശമുൾക്കൊള്ളാനും, കൺവൻഷൻ അവസരം തരുന്നു. എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകൻമാർക്കും ഭാരവാഹികൾക്കും സാധാരണ അംഗങ്ങൾക്കും പരസ്പരം അടുക്കുവാനും സാഹോദര്യബോധം വളർത്തുവാനും ഇതുപകരിക്കുന്നു. പ്രൈവററ് കോളേജ് അദ്ധ്യാപകരംഗത്തെ ഏററവും കരുത്തുററ സർവ്വീസ് സംഘടന എന്ന നിലയ്ക്കു പൊതുജനാഭിപ്രായത്തിൻെറ ശ്രദ്ധയും അംഗീകാരവും നേടി നിലനിർത്തുവാനും കൺവൻഷനിലൂടെ നമുക്കുകഴിയുന്നു. സർവ്വോപരി നമ്മുടെ പ്രവർത്തകർക്കും ഭാരവാഹികൾക്കും, സാധാരണ അംഗങ്ങൾക്കും സ്വന്തം സംഘടനാശക്തിയിൽ അഭിമാനവും തന്മൂലം ആത്മവിശ്വാസവും ഉണ്ടാക്കിക്കൊടുക്കാനും അതുപകരിയ്ക്കുന്നുണ്ട്. 1980 ലെ നമ്മുടെ കൺവൻഷന്നു മററു നിലക്കും പ്രാധാന്യമുണ്ട്. നമ്മുടെ പ്രവർത്തനശൈലിയിൽ കാതലായമാററം വരുത്തിക്കൊണ്ട് കേരളത്തിലെ മററെല്ലാ സർക്കാർ – അർദ്ധസർക്കാർ ജീവനക്കാരുടെ സംഘടനകളോടും ചേർന്ന് അദ്ധ്യാപക സർവ്വീസ് സംഘടനാ സമരസമിതിയുടെ ബാനറിൻ കീഴിൽ നമ്മുടെ അവകാശ സമരങ്ങളെ മററു ജീവനക്കാരുടെ സമരങ്ങളുമായി നാം ഏകോപിപ്പിച്ചിട്ടുണ്ട്. ഇതിലൂടെ ചിലനേട്ടങ്ങൾ നാം ഇയ്യിടെ നേടിയിട്ടുണ്ട്; മററുപലതും നേടാൻ കഴിയുമെന്ന് പ്രതീക്ഷയുമുണ്ട്. കേരളാ– കാലിക്കററ് സർവ്വകലാശാല ഭരണസമിതികളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ നാം നേടിയ നിർണ്ണായക വിജയങ്ങൾ നമ്മുടെ സംഘടനയ്ക്കു വമ്പിച്ച ഉത്തരവാദിത്വങ്ങൾ ഏൽപ്പിച്ചിരിക്കയാണ്. അസോസിയേഷൻെറ ഭരണഘടനയിൽ കാതലായ ചിലമാററങ്ങൾ വരുത്തി നാം സംഘടനയുടെ ചൈതന്യവും പ്രവർത്തനക്ഷമതയും പ്രഹരശേഷിയും വർദ്ധിപ്പിയ്ക്കാൻ ശ്രമിയ്ക്കുന്നു. ന്യൂനപക്ഷസമുദായങ്ങളിലെ മാനേജർമാരുടെ അച്ചടക്കനടപടിയെടുക്കാനുള്ള അധികാരം നിയന്ത്രണവിധേയമല്ലെന്ന ഹൈക്കോടതി വിധിയുടെ കരിനിഴൽ നമ്മുടെ 11–ാം കൺവൻഷനിൽ പതിയാതിരിയ്ക്കയില്ല.

## കോട്ടയം കൺവൻഷൻ

നമ്മുടെ 11–ാം കൺവൻഷൻ കോട്ടയത്തു വെച്ച് മാർച്ച് ആദ്യം നടത്തുവാൻ തീരുമാനമായിട്ടുണ്ട്. കോട്ടയം ജില്ലാ കൗൺസിലിൻെറ ആതിഥേയത്വത്തിൽ നടത്താൻ പോകുന്ന ഈ കൺവൻഷൻെറ നടത്തിപ്പിന്നായി കോട്ടയം മുൻസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനും നമ്മുടെ

ദക്ഷിണമേഖലാ പ്രസിഡണ്ട് ശ്രീ എൻ. എം. ജോസഫ്, വർക്കിംഗ് പ്രസിഡണ്ടും പ്രൊഫസർ കെ. സി ചാക്കോ ജനറൽ കൺവീനറുമായി ഒരു സ്വാഗതസംഘവും അതിന്റെ വിവിധ സബ്ബ് കമ്മിററികളും രൂപീകരിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞിട്ടുണ്ട്. കൺവൻഷന്റെ ഒരു സോവനീർ പ്രസിദ്ധീകരിയ്ക്കാനും തീരുമാനമായിട്ടുണ്ട്.

## അടിയന്തിര കടമകൾ

കൺവൻഷൻ ഒരു ചരിത്ര സംഭവവും വമ്പിച്ച വിജയവുമായി മാററാനുള്ള പ്രവർത്തനങ്ങളിൽ ഓരോ അംഗവും പ്രവർത്തകനും ഭാരവാഹിയും ഉടൻ മുഴുകണമെന്ന് അഭ്യർത്ഥിയ്ക്കുകയാണ്. ബ്രാഞ്ചു സിക്രട്ടറിമാർക്കും മററു പ്രവർത്തകർക്കും ഭാരവാഹികൾക്കും ഇക്കാര്യത്തിലുള്ള വമ്പിച്ച ഉത്തരവാദിത്തവും പ്രാധാന്യവും ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. പ്രവർത്തനങ്ങൾ കോട്ടയം ജില്ലയിൽ മാത്രം ഒതുങ്ങിനിന്നുകൂടാ. താഴെ പറയുന്ന കാര്യങ്ങളിൽ അടിയന്തിരശ്രദ്ധ പതിപ്പിക്കണമെന്നപേക്ഷ.

1 ഓരോ ബ്രാഞ്ചിൽനിന്നും കൺവൻഷനിൽ പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കണം. ഓരോബ്രാഞ്ചും ഉടൻ യോഗം ചേർന്ന് കൺവൻഷനിൽ പങ്കെടുപ്പിക്കേണ്ട അംഗങ്ങളുടെ എണ്ണം നിശ്ചയിക്കുകയും അവർക്കുവേണ്ട യാത്രാച്ചിലവ് വാഹനങ്ങളുടെ വാടക എന്നിവയ്ക്കുള്ള ധനശേഖരണം ആരംഭിക്കുകയും വേണം.

2 ഓരോ ബ്രാഞ്ചിൽനിന്നും കഴിയുന്നത്ര സ്വാഗതസംഘാംഗങ്ങളേയും പ്രതിനിധികളെയും റജിസ്ററർ ചെയ്യിക്കാനുള്ള പ്രവർത്തനം നടത്തണം. കൺവൻഷന്റെ സാമ്പത്തിക ഭദ്രതക്ക് ഇതാവശ്യമാണ്.

3 കൺവൻഷന്ന് വലിയ തോതിലുള്ള പബ്ളിസിററി കിട്ടുവാനുള്ള പോസ്ററുകൾ, ചുവരെഴുത്ത് തുടങ്ങിയവ യഥാസമയം ചെയ്യണം.

4 കൺവൻഷനോടനുബന്ധിച്ച് പ്രസിദ്ധീകരിയ്ക്കുന്ന സോവനീറിലേക്ക് കഴിയുന്നത്ര പരസ്യങ്ങൾ ശേഖരിക്കുവാൻ മത്സരബുദ്ധ്യാതന്നെ രംഗത്തിറങ്ങേണ്ടിയിരിക്കുന്നു.

കൺവൻഷനെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം സ്വാഗതസംഘത്തിന്റെ ജനറൽ കൺവീനർ സർക്കുലർ മുഖേന അറിയിക്കുന്നതാണ്. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങൾ അപ്പപ്പോൾ ഏറെറടുക്കുകയും വേണം.

**എ. കെ. പി. സി. ടി. എ.**
**സിന്ദാബാദ്.**

**കോട്ടയം കൺവൻഷൻ**
**സിന്ദാബാദ്.**

---

## ബ്രാഞ്ച് സെക്രട്ടറിമാർക്ക്—

നമ്മുടെ ജേർണലായ 'കേരള പ്രൈവററ് കോളേജ് ടീച്ചറിന്റെ വരിസംഖ്യ അയച്ചുകൊടുക്കാനുള്ള അഭ്യർത്ഥന കിട്ടിയിരിക്കുമല്ലോ. ഇനിയും അതയച്ചുകൊടുത്തിട്ടില്ലാത്ത ബ്രാഞ്ചുകൾ അനവധിയുണ്ട്. അതിനാൽ എത്രയും പെട്ടെന്നുതന്നെ കഴിയുന്നത്ര അംഗങ്ങളെ വരിക്കാരാക്കുക. അഞ്ചുരൂപമാത്രമാണ് വാർഷികവരി സംഖ്യ. നമ്മുടെ അംഗങ്ങളെയെല്ലാം ജേർണലിന്റേയും വരിക്കാരാക്കണം. വരിസംഖ്യ ചീഫ് എഡിററർ, കേരളപ്രൈവററ് കോളേജ് ടീച്ചർ, വസന്തം, ചെമ്പകശ്ശേരി ലെയിൻ, കേശവദാസപുരം, തിരുവനന്തപുരം എന്ന വിലാസത്തിൽ അയച്ചുകൊടുക്കുക.

വി. നാരായണൻ കുട്ടി
ജനറൽ സെക്രട്ടറി
എ. കെ. പി. സി. ടി. എ.

---

# DEMOCRATISATION OF EDUCATIONAL INSTITUTIONS

Professor Ram Joshi, Vice-Chancellor,
University of Bombay

The question of democratisation of educational institutions has acquired consiberable importance and urgency because of at least four main reasons. They are –

(a) Rapid expansion of education;
(b) Multiplicity of functions performed by all educational institutions;
(c) Proliferation of institutions of diverse types; and
(d) **Changing expectations of society about education and educational institutions.**

It is, therefore, necessary to consider this question in all earnestness.

The question has two dimensions. The first deals with the internal governance of Universities and colleges and the second with the relation of universities and colleges with other institutions like Government and other educational institutions.

In its internal aspect the question of democratication of educational institutions is really the question of 'Who should govern educational institutions and how?"

This question has implications for (a) organisational structures and functional procedures of educational institutions and (b) extent of the scope for representation and participation in decision-making. In other words, the question relates to (a) what kinds of organisational forms are appropriate ? (b) what kinds of changes are needed in prevailing procedures and (c) who should be consulted before decisions are made and who should participate in making them.

The case for democratisation of educational institutions is a sound one and yet, unfortunately, it has been often weakened by overstating it. The case rests on the larger academic grounds and not on the narrow ground of teachers' right to participate. That right is self-evident and important but is not sufficient justification for demanding democratisation of institutions Educational institutions need to democratise themselves because there in lies the greater good of education and of educational institutions themselves. Why is democratisation good and necessary? It is so because (a) authorities incharge of institutions will soon discover that decisions taken after receiving the input of suggestions, advice and criticism from those most likely to be affected by the decisions have greater sanction because they will have greater authenticity; (b) the principle of accountability requires that decisions are reached only after widest consultation and participation for such decisions to be fair and just.

The question of democratisation is organically linked with the purposes of education and the character of educational institutions. It is necessary to remember that an educational institution is a plural community and represents diverse interests which, while possibly and hopefully converging on the fundamental objectives, often run counter to each other in the short run.

At least five such interests can be identified and any scheme of democratisation must recognise the need to reconcile and synthesise all the five interests and provide for their representation. The five interests are — teachers, students, alumni, managements and government. Being plural in character an educational institution is federation of interest built on the recognition of legitimacy of all interests and of their claim to being heard and being represented before decisions affecting them are taken. An educational institution is not a parliament and therefore cannot work on the rough and ready principle of majority rule. There are no majorities and minorities ranged against each other. There are only varying interests competing for recognition Educational institutions should not, therefore, be governed on the principle of 'One man one vote' In fact, I am afraid, the adoption of such a principle might not lead to democratisation but to a s rrender of the objectives and the freedom of an educational institution to shifting populist moods and trends.

The essential requirement for the success of an educational institution and its ability to realise its goals is to institutionalise such organisational forms and procedures as well as representational systems as would provide opportunities to all the interests to interact with one another, influence one another and arrive at a general agreement. Thuse consensus and not conflict must be the watchword of all those who are interested in the democratisation of educational institutions for the greater good of education itself.

(Paper presented in the AIFUCTO conference at Bombay)

---

# നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം

**ജേർണലിൽ**

**ഒരു ചർച്ച**

**പങ്കെടുക്കുക.**

ലേഖനങ്ങൾ

ചീഫ് എഡിറ്റർക്ക് അയക്കുക.

# MINORITY RIGHTS

Association of University Teachers Tamilnadu (AUT)

The sharp line that devidis the minorities and the non-minorities based on ethnic considerations does not exist between the two groups if it is to be based on religious and linguistic considerations in a country like India which is multilingual and mulit-religious. Naturally the division as minorities and non-minorities has led to varying interpretations, most of which are based on the caprices of the interpreters. But we are neither concerned with the validity of the constitutional provisions, nor are we opposed to the preservation of the religion, language and culture of the different groups of people. We are seriously concerned about the way in which some institutions label themselves as minority institutions and thwart the basic democratic rights of the employees and try to obtain a legal sanction for their misdeeds. Let us examine the so labelled minority institutions and their operational tactics, in the field of higher education As a cas study we are examining heir role in Tamilnadu alone.

**Their Preponderance:**

The missionaries were the first to establish educational institutions of the present day pattern in Tamil Nadu in Private sector. The reasons for this are historical. The indifference of the colonial rulers to the educational needs of the natives, the desire to propagate religion were some of the reasons. But to-day even after thirty two years of Independence the institutions run by the minorities outnumber those run by the Government or the non-minorities.

There are 154 Colleges that are aided by the State Government in Tamil Nedu. More than 51 of them are declared minorities of which a major number is run by the missionaries. Many more are claiming a minority status based on linguistic or communal considerations because it suits them. Though the number is a third of the total usually a minority institution is four to five times the size of a non-minority institution in size, student strength staff strength and it receives five times the grant received by a non-minority Institution.

In Madras City 15 Colleges out of a Total of 25 Colleges are run by the So called Minorities: only the other ten are run by non-minorities. The only two colleges that have been granted autonomy are run by the minorities. In a big district known as the North Arcot District six out of the seven colleges are run by the minorities. The one non-minority college has twenty five teachers and the minorities colleges have over five hundred teachers working in them. In the Nilgiris District there are only two colleges both run by

the minorities. In Madras City out of a total number of Two thousand employees in the aided colleges 1700 are employed in minority institutions. 80% of the aid given by the State and Central Government (U G C) are pumped into these minority institutions. This little bit of statistics reveals that 70 to 80 percent of the aid for Higher Education is given to minority Institutions. Curiously enough, the Government of Tamil Nadu's Private Colleges regulation Act, 1976 gives a blanket exemption to these institutions from some of the vital provisions. Though the Government can claim that it has given security of service to College teachers, not more than 30 to 40 percent enjoy this protection. Strange indeed the ways in which laws are made in our Country.

**Operational Tactics of the Minority Institutions**

Having been armed with article 30 and having been exempted from the vital provisions of the Act these institutions are a law unto themselves. In 1977 the Government of Tamil Nadu issued a Government Order instructing aided Colleges not to terminate those who were in service on 31-3-1977. 40 cases of teachers terminated in violation of the above G. O were brought to the notice of the A U T and the M U T A. These were promptly represented to the Government. 37 of these cases were from the socalled Minority Institutions and only 3 were from non-minority institutions. The Government could get all those 3 from non-minority institutions reinstated. One College in Trichy terminated as many as 27 Lady Teachers. These Minority institutions refused to take them back and just pointed out article 30 of the Constitution. One of the important issues for the February March, 1979 teahcers movment was the reinstatement of these tecchers. The Government provided these teachers jobs in other colleges by transfering the posts and the victimized incumbent.

An Institution in Madras that has Celebrated its Golden Jubilee terminated teachers in 1978 and a few others in 1979. In fact the Father Principal of the College has given a termination order on 15th May 1979 after the three years of the appointment. He also gave the teacher a certificate praising his conduct, character and conscientious work on 7th August 1979. Another reputed institution in Trichy has terminated the services of a teacher alleging that he has used intemperate language about the Principal. The University continues to be a silent spectator of such incidents.

Not that the teachers are cowed down by these manifestations of the people who cover their deeds by the hoary cloak of tradition or their pretences to elitist education. Time and again teachers in some institutions have put up a stiff fight. In one Madras institution, the Management which always revelled in quoting article 30, was brought to the negotiating table by the militant struggle of Lady teachers, students and non-teaching staff. The Institution that kept it self out of Government Aid was forced to adopt the norms of the University and Government. Another City Institution run by the minorities sacked a Professor after 28 years of service The teachers of this College also rallied around the victimized Professor and won a heroic battle.

But the crux of the problem lies with those institutions that have built an aura around them. Even educated public are misled into thinking that all is well with these colleges because of their age and glory. They do not realize that some-thing is rotten in their state.

# THE TEACHERS IN THE MINORITY INSTITUTIONS

Prof. H. C. Mehta

The issue of the teacher's position in the minority institution arises from the following:

a) The Constitution of India has guaranteed to the linguistic and religious minorities certain special protection under what are known as the Cultural and Educational Rights. Specially the provisions of Art. 30 (1)' become the matter of special concern to may teacher organization.

b) These apecial guarantees relate to the field of education and give to the institutions administered and controlled by these minorities a privileged position by providing, firstly, that they will have a right to establish institutions of their chooce and secondly that that they will have a right to administer them

c) The right that is of immediate concern and consternation is the second right that is the right to administer. The Indian judiciary has intepreted this right in such a way as has created anomalous and invidious situation causing deriment not only to the security of the teachers working in these institutions but to the implementation of certain national policies of great impòrtance.

d) The legislative enactments have been made, in the last two decades in regard to the position and security of the teachers in colleges and universities. But such legislation has been emasculate by the judicial interpretation so much that, at present, the college teacher has to resort only to his organized strength to protect himself against the unjust and arbitrary actions of these institutions. This strengh, though increased manifold in the recent years, is yet not adequate to meet fully the challenge of these institutions

In this regard the following facts are a matter of special record : i ) The Keral-Education Bill, the first major attempt ta weed out malpractices from the institutions of high learning came from the State in which these minority institutions (that is the institutions enjoying the privileged position under the guarantee of Art. 30 constitute a sizable and inflential group.

ii) In this very city, the so called commercial capital of the country, the four-major cases of gross and inhuman victimi-zation came from the minority institutions. These are the cases of prof. Naik, prof-pradha, prof. (Smt) Dhruv and prof(Kum) Mahajan. In all these cases the techers' union did come to the aid of suffering teachers in very big way. Unfortunately, the action of the union proved to be too limited to provide effective remedies The need for more coherence and unit in teachers'movemnts is clearly underlined by the result of these cases.

## The judicial interpretations

I take the position that the judicial interpretation in certain key cases have created a privileged status for these minority institutions inconsistent with the Rule of Law, the palladium of democracy anywhere in the world

i) The case that set the tone of the judicial interpretation in regard to the garantees of Article 30 was decided in 1954. The judgement in the case State of Bombay v/s Bombay Education Society gave the minority institutions almost unfettered right to decide the medium of instruction and the policy of the state was frustrated though its order was based on the recommendations of the Secondary Education Commission to the effect that mother–tongue should be generally the medium of instruction. The judgement made a significant point that the State's Police powers in regard to education could not be permitted to override the liberty granted under this right In other words the right guaranteed under Article 30 to the minorities was superior to national objectives enunciated by some of the most revered of the national leaders including the Father of the Nation. This view of the Honourable Supreme Court of India, I respectfully submit, would be difficult to defend in a social democracy committed to the rapid growth of mase–education. Such a growth can never be fostered by the use of foreign tongue unknown to the ninty–five percent of the Indian people. The minority institutions have used this privileged position to perpetrate many a gross injustice. It is this position which has helped them to trample upon the right of the teacher–employees with impunity.

ii) A decade later in its judgement in Rev. Sidhrajbhai Sabhaivs. State of Gujrat (1963) the Supreme Court further consolidated the position of the minority institutions by observing that the right under Art. 30 (1) was intended to be effective and cannot be whittled down by so-called regulating measures conceived' not in the interest of the minority educational institution but of the public or the nation as a whole'. If the right of the minority institution were to be placed on such a high pedestal of privilege, one may wonder whether any democratic government based on the principle of majority rule can be worked at all.

iii) But the judgement that touched the core of the problem that concerns us here, namely the position of the teacher in the minority institution was delivered in 'State of Kerala Vs Very Rev Mother Provincial. The Kerala University Act 1969, had made certain provisions in regard to the conditions of service of the college – teachers. Shri Mohon Kumarmanglan had pointed out in a brilliant exposition that the provisions were formulated in accordance with the rocommendations of the Education Commission. S 56 of the Act provided for appeal by the teacher against whom a disciplinary action was taken to the Syndicate of the University which was vested with the authority to reinstate the teacher who was wrongfully removed. It was hold this section violated the provisions of Art. 30 (1) which vests in the minority institutions a right to administer the institution. This implies that the teacher in a minority institution cannot have the legal remedy which

his coileague in the majority institution can avail of. How this view can be squared with the 'equality before law' and the 'equal protections of the laws' guarantee of Art. 14 of the Indian Constitution is point all teachers' union should project into the national debate. In St Xaviers College vs. State of Gujrat' in 1974 this view was reaffirmed. But there is a silver lining to this dark picture. Justice Dwivedi in his comments in the judgement did accept that the ight of the minority institutions under Art. 30 (1) are limited by certain other constitutional provisions. But the problem of teacher's security in the minority institutions is still a matter of grave concern. The reason is not so much the constitutioal provision as the judicial pronouncement of it.

## Future Moves

This situation call for a concerted plan of action on the part of the teachers' union. Here the outlines of such a plan are put down here for the consideration of the assembled.

a) The AIFUCTO should take to the highest judicial tribunal every case of victimization of a teacher in the minority institution to the highest judicial tribunal of the country persuading it to modify its present doctrine of minority rights. (b) Through the press articles, letters etc. the public opinion should be made aware of the dangers of unrestrained exercise of the minority rights emphasizing the fact that such rights if allowed to exist in its present form would to the cause injury not only to his education but to also to many other fields of national activities and national policies. In the cases consfdered here we find that the minority rights rather their interpretation by the judiciary did frustrate the national policies in regard to the encouragement of national languages and primary education. The latter is enshrined as the basic national objective in the form of a Directive Principle (Art. 45). The minority institutions themselves should be made aware that any assertion of the minority rights beyond the rational limits and in defiance of the national interests would jeopardiaze the position of the right itself. It should never be uséd to shield an arbitrary and unjust action against a teacher or to defy the State in its implementation of policies on which broad national consensus exists in form of he Directive Principles. (d) The colleagues associated with the teachers' unions specially the activists belonging to the minorities–religious and linguistic should come forward to denounce in clear terms any use of the minority rights for the perperation or continuation of injustices to teachers or to circumvent the nation in the securing its time–honoured goals.

(Paper presented in the AIFUCTO conference at Bombay)

★

# സംയുക്തസമരസമിതി ഗവണ്മെൻറിനു നൽകിയ മെമ്മോറാണ്ഡത്തിൽ നിന്ന്

## കോളേജ് അധ്യാപകരെ സംബന്ധിക്കുന്ന അവകാശങ്ങൾ

1. ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറേഴ്സ്

കഴിഞ്ഞ പന്ത്രണ്ടു വർഷമായി ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകനും കോളേജധ്യാപകനും എല്ലാ കാര്യത്തിലും തുല്യമുള്ളവരായിരുന്നു. പദവിയിലും പേരിലും എല്ലാം തന്നെ യൂണിവേഴ്സിററി റഗുലേഷനിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരെ ശമ്പളക്കമ്മീഷൻ തരം താഴ്ത്തുകയുണ്ടായി. വസ്തുതാപരമായ തെററുകളുടെ അടിസ്ഥാനത്തിലാണ്. ശമ്പളക്കമ്മീഷൻ ഇവരെ സംബന്ധിച്ച നിഗമനങ്ങൾ നടത്തിയത്. ഈ തെററ് പരിഹരിക്കുകയും ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകരെ സംബന്ധിച്ച് മുമ്പുണ്ടായിരുന്ന സ്ഥിതി പുനഃസ്ഥാപിക്കുകയും വേണം.

ജൂനിയർ ലക്ചറർ

വർക്ക് ലോഡ്, വിദ്യാഭ്യാസയോഗ്യത കൈകാര്യം ചെയ്യുന്ന ക്ളാസുകൾ എന്നീ കാര്യങ്ങളിൽ ജൂനിയർ ലക്ചററും ലക്ചററും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നാൽ ലക്ചറർക്ക് ഗ്രേഡു നൽകുന്നതിനു വേണ്ട സർവീസ് കണക്കാക്കുമ്പോൾ ജൂനിയർ ലക്ചററുടെ സർവീസ് പരിഗണിക്കുന്നില്ല. നോൺ കേഡർ പ്രൊഫസർ ഷിപ്പിനുള്ള പതിമൂന്നു വർഷത്തെ സർവീസ് കണക്കാക്കുന്നതിൽ ജൂനിയർ ലക്ചററായുള്ള സർവീസുകൂടി കണക്കിലെടുക്കേണ്ടതാണ്. ജൂനിയർ ലക്ചറർ തസ്തിക നിലനിർത്തുന്നതിൽ യാതൊരു നീതികരണവുമില്ലാത്തതിനാൽ [ഈ തസ്തിക നിർത്തലാക്കേണ്ടതുമാണ്. പെൻഷനൊഴികെ മറെറാരു കാര്യത്തിനും ജൂനിയർ ലക്ചററായുള്ള സേവനം പരിഗണിക്കപ്പെടാത്ത സാഹചര്യമാണ് നിലവിലുള്ളത്.

ശമ്പള പരിഷ്കാരം നടത്തിയിട്ടും സീനിയററായ കോളേജ് അധ്യാപകർക്ക് സ്കെയിലിലെ മാക്സിമം എത്തിയ കാരണത്താൽ തുടർന്ന് വർദ്ധനവ് ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. ഇപ്രകാരം ശമ്പളം സ്ററാഗ്നേററ് ചെയ്യപ്പെട്ട വിഭാഗത്തിന് വർദ്ധനവ് തുടർന്നും ലഭിക്കുന്നതിനു വേണ്ട വ്യവസ്ഥ ശമ്പള പരിഷ്കാരത്തിലുണ്ടാവേണ്ടതാണ്. എന്നാൽ 272 പോയിൻറിൻെറ ക്ഷാമബത്ത ശമ്പളത്തിൽ ലയിപ്പിച്ച് ശമ്പളസ്കെയിലുകൾ നിശ്ചയിച്ചതിൻെറ ഫലമായിട്ടാണ് സ്ററാഗ്നേഷൻ വളരെ കൂടുതലായി അനുഭവപ്പെടാനാണിടയായത്. ഈ വിഭാഗത്തിന് ശമ്പള വർദ്ധനവ് ലഭിക്കുന്ന വിധം സ്കെയിൽ പരിഷ്കരിക്കുകയോ ഇംക്രിമെൻറ് തുടർന്ന് വാങ്ങാൻ അനുവദിക്കുകയോ ചെയ്യേണ്ടതാണ്.

ഇംക്രിമെൻറ് നിരക്ക്

ശമ്പള പരിഷ്കാരത്തിനു മുമ്പ് ലഭിച്ചിരുന്ന വാർഷിക ഇംക്രിമെൻറ് നിരക്ക് ശമ്പള പരിഷ്കാരശേഷം കുറയുകയാണുണ്ടായിട്ടുള്ളത്.

ഉദാ: പ്രി റിവിഷൻ സ്കെയിൽ

510-25-635-30-695-35-835-40-875-40/2-995

റിവൈസ്ഡ് സ്കെയിൽ

700-25-800-30-890-35-1030-40-1270

ഇത് വർദ്ധിപ്പിക്കേണ്ടതാണ്. ശമ്പള പരിഷ്കാരത്തിന് മുമ്പ് ലഭിച്ചിരുന്ന വാർഷിക ഇംക്രിമെൻറ് ക്ഷാമബത്താ പരിഷ്കാരത്തിനുശേഷം കുറഞ്ഞിട്ടുണ്ട്. ഇതു ലഭിച്ചുകൊണ്ടിരുന്ന മൊത്തം തുകയിൽ കുറവുവരുന്നതിനും കാരണമായിട്ടുണ്ട്. ഇത് പരിഹരിക്കേണ്ടതാണ്.

തിരുവനന്തപുരം,
20-8-1979.

കൺവീനർ,
(കെ. വി. ദേവദാസ്)

# THOUGHTS ON EDUCATION

(Ref. 14 issues of SWARAJYA from April 6, 1974, to JUNE 29. 1974 compiled by Thiru. K. Santhanam, Editor.

Observations of great savants of education would clearly prove the claim made here that the whole system has been topsy turvy.

1 "..... much of the currently observed deterioration in the state of University education is due to faulty legislation ........." (Dr. C. D. Deshmukh)

2 "During the last 75 years. physician after physician—whole college of physicians-have felt the pulse of "Higher Education in India", taken periodic blood tests ... ..and have made varied diagnosis and prescribed detailed regimes for promoting recovery. Curzon, Gokhale, Sadler, Hartog, Sargent, Radhakrishnan C. R. Reddy, Lakshmanaswamy Mudaliar and Kothari are but more important physicians; Senate, Academic Council, Legislative Council and Assembly, and even parliament have often sat in conclave bemoaning the patient's health...Conferences, workshops, seminars, task forces have all had their say, and there is no dearth of reports, recommendations and panaceas. *Only the patient refuses to respond*" (K. R. Srinivasa Iyengar).

3 ".........Instead of acting as agents for change the Universities merely react to events and have become contented servants of status quo...... It appears that the nation has no expectation from the University......... This lack of immediate involvement in national life has made it easy to overlook the fact that over the years Indian Universities have fallen into the dishonourable role of baby sitters for society and job-filters for employers.........The colonial heritage has left an intellectual slavery. The educational World in India makes a pathetic attempt to conform to the model of a remote world"........ (Dr. C. R. Mitra).

4 "When one compares the training a student has received and the post he comes to occupy, one is alarmed at the criminal waste of money and human energy. The student, knowing nothing about the aim of education, of the particular discipline he is in, nor about its relevance to his life or to the world at large, nor its relation between various snbjects, has on his part, to gather meaningless bits of knowledge.....study itself becomes a boredom, leading to frustration". (Dr. T. P. Meenakshi Sundaram).

5 "............students enter the portals of higher educational institutions, no so much through a disinterested thirst for knowledge and learning, but because they want to improve their job prospects and hope to have a better mobility in relatively static and hierarchical society. Educational authorities have failed to take these social needs and pressures into account ............ It has often been said that we have an outmoded educational system imposed by a colonial regime divorced from real life............" (Prof. B. M. Udgaonkar)

6 "The nation has wasted a whole generation on the kind of education which is neither satisfying to the individual nor serving the needs of a developing society for goods and services" (N. D. Sundara Vadivelu)

MUTA JOURNAL oct. '79)

# പ്രവർത്തകക്യാമ്പ്

എ. കെ. പി. സി. ടി. എ. സംഘടിപ്പിയ്ക്കുന്ന രണ്ടാമത് പ്രവർത്തകക്യാമ്പാണ് ഫെബ്രുവരി ആദ്യവാരത്തിൽ ചരൽക്കുന്നിൽ നടക്കുവാൻ പോകുന്നത്. സംഘടനയുടെ പ്രവർത്തനമേഖല വികസിച്ചുകൊണ്ടിരിയ്ക്കുന്ന ഈ അവസരത്തിൽ പ്രവർത്തകക്യാമ്പിന്റെ പ്രാധാന്യം എടുത്തു പറയേണ്ടതില്ലല്ലോ.

അവകാശസമരങ്ങളിലൂടെ വളർന്നുവന്ന നമ്മുടെ സംഘടനയുടെ ചരിത്രം പുതിയപ്രവർത്തകർ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. തുച്ഛമായ ശമ്പളം, മിണ്ടിപ്പോയാൽ പിരിച്ചുവിടൽ—ഇതായിരുന്നല്ലോ ആ പഴയ കാല ദുരവസ്ഥ. അതിൽ നിന്നും നമ്മൾ കുറെച്ചെങ്കിലും കരകയറിയത് സംഘടിത പ്രവർത്തനത്തിലൂടെയാണ്. അധ്യാപകതാല്പര്യങ്ങൾക്കുവേണ്ടി പോരാടിയതിന്റെ പേരിൽ എസ്. എൻ. കോളേജിലെ രാജശേഖരൻ നായരെ മാനേജുമെന്റ് നിഷ്ക്കരുണം പിരിച്ചുവിട്ട സംഭവം നമുക്കുമറക്കാനാവില്ല. ഇന്നും തരംകിട്ടുമ്പോഴൊക്കെ അധ്യാപകദ്രോഹത്തിനു തുനിയുന്ന മാനേജുമെന്റിനെ നിലയ്ക്കു നിർത്താൻ നമ്മുടെ പ്രവർത്തനങ്ങൾക്ക് കരുത്തുവർദ്ധിപ്പിക്കേണ്ടതുണ്ട്.

സംഘടനാപ്രവർത്തകർ അറിഞ്ഞിരിക്കേണ്ട ഒട്ടധികം നിയമപ്രശ്നങ്ങളെക്കുറിച്ചും ക്യാമ്പിൽ ക്ലാസ്സുകൾ നടക്കുന്നുണ്ട്. യൂണിവേർസിറ്റി സ്റ്റാറ്റ്യൂട്ടുകളും, കെ. എസ്. ആറും, അവയ്ക്ക് ഉണ്ടായിട്ടുള്ള അമന്റ്മെന്റുകളും അപഗ്രഥിച്ചു പഠിക്കാൻ ക്യാമ്പ് പ്രയോജനപ്പെടും.

സംഘടിതമുന്നേറ്റത്തിന്റെ ഈ കാലഘട്ടത്തിൽ നമ്മുടെ പ്രശ്നങ്ങളെ ഒറ്റപ്പെട്ട തുരുത്തുകളായി പരിഗണിച്ച് പരിഹാരം കാണാനാവില്ല. നമ്മെപ്പോലെ പ്രവർത്തിയ്ക്കുന്ന ഇതരസംഘടനകളെക്കുറിച്ചു മനസ്സിലാക്കാനും, സാമൂഹ്യബന്ധം വർദ്ധിപ്പിയ്ക്കാനും നമ്മൾ കുടുതൽ കുടുതൽ തയ്യാറാകേണ്ടതുണ്ട്. ഇതു സംബന്ധമായ ചർച്ചകളും ക്യാമ്പിലുണ്ടാകും.

ക്യാമ്പിനെക്കുറിച്ചുള്ള വിശദവിവരങ്ങൾ കൺവീനർ പി. ജി. ചന്ദ്രശേഖരൻ നായരിൽ നിന്നും ഓരോ യൂണിറ്റിനും ഇതിനകം ലഭിച്ചിട്ടുണ്ടാകും. യൂണിറ്റ് സെക്രട്ടറി ഉൾപ്പടെ രണ്ടുപേർ ഓരോ യൂണിറ്റിൽ നിന്നും നിർബന്ധമായും പങ്കെടുക്കണം.

അസോസിയേഷന്റെ ഭാവി പ്രവർത്തനങ്ങൾക്ക് കുടുതൽ കരുത്തു പകരുന്ന ക്യാമ്പ് വമ്പിച്ച വിജയമാക്കിത്തീർക്കണമെന്ന് എല്ലാവരോടും അഭ്യർത്ഥിയ്ക്കുന്നു.

# GOVERNMENT OF KERALA

## Abstract

Allowances — T.A. Recommendations of the Third Kerala Pay Commissic for Revision of T.A. Rates and simplication of Rules – Orders issued.

---

FINANCE (P. R. C.) DEPARTMENT.

G. O. (P)969/(130)/79/Fin. Dated, Trivandrum, 27th October. 1979.

---

*Read:*— 1. G. O. (P)860/78/Fin. dated 16-12-197.8
2. Circular No.67/79/(98)Fin. dated 7-8-1979.

### ORDER

In the orders issued as first paper above revising the Pay Scales of State Government officers with effect form 1-7-1978, it has been ordered that the recommendations made by the Third Kerala Pay Commission of T.A. rates, classification of officers etc. will be examined separately and orders issued. The various recommendations of the Pay Commission on T.A. and connected issues have been examined by Government and the following orders are issued.

**Classification of Officers**

2. The monetary limits fixed for the classification of officers into Grade I, II etc. are revised as follows:-

| *Grade* | *Existing classification*<br>Rs. | *Revised classification*<br>Rs. |
|---|---|---|
| First Grade. | 1050 and above. | 1300 and above. |
| Sccond Grade. | 435 and above but below Rs. 1050/- | 570 and above but below Rs. 1300/- |
| Third Grade. | All other officers except clasa IV | All other officers except class IV. |
| Fourth Grade. | Class IV officers. | Class IV ofricers. |

(i) The All India Service Off icers, Non - I. A. S. officers holding posts borne on the cadre of I. A. S. officers, Heads of Departments etc. referred to in

rule I of K. S. R. Part II will continue as First Grade officers irrespective of the pay drawn by them.

(ii) For the purpose of calculation of Daily Allowance, Grade II officers will be classified as follows:-

(a) officers whose actual pay is Rs. 900 and above.
(b) officers whose actual pay is Rs. 570/-and above but below Rs. 900/-

**Mileage allowance for Journeys by Railway and Road.**

3. Accepting the recommendations of the pay Commission the following revised rates are prescribed for journey by rail or road.

(i) For journeys by rail or road, irrespective of whether the places are connected by rail or not.

| | | |
|---|---|---|
| First Grade officers | = 18 paise per KM | including incidentals. |
| Second Grade officers | = 14 paise | -do- |
| Third Grade officers | = 12 paise | -do- |
| Fourth Grade officers | = 10 paise | -do- |

(ii) Incidental expenses to those officers who are entitled to trave by first class/Air Conditioned Class and who actually perform the journey by such class and claim rail fare on production of receipts.

First Grade Officers - 8 paise per Kilometre.
Second Grade Officers - 6 paise per Kilometre.

4. The Officers who actually travel in First Class/Air conditions class and claim the fare should produce cash receipt.

**Daily Allowance**

5. The existing rates of D. A. will be revised as shown below:

| *Grade* | *Existing rate* | *Revised fate* |
|---|---|---|
| | Rs. | Rs. |
| First Grade | 20 | 25 |
| Second Grade (a) | 14 | 20 |
| -do- (b) | 10 | 15 |
| Third Grade | 9 | 13 |
| Fourth Grade | 8 | 10 |

**Daily Allowance for halts outside the State**

6. The rates of Daily Allowance of Officers for halts outside the State as per Note 3 under Rule 44 of K. S. R. Part II will be revised as shown below:

| *Grade* | | *Existing rate* | *Revised rate* | |
|---|---|---|---|---|
| | | Rs. | Rs. | |
| First Grade Officers | | 35 | 40 a day for halt. | |
| Second | do. (a) | 25 | 30 | do. |
| | (b) | 20 | 25 | do. |
| Third | do. | 20 | 25 | do. |
| Fourth | do. | 17 | 20 | do. |

**Journey by Special Conveyance**

7. In future only Grade I Officers will be allowed to travel in special conveyance. In view of the increases in the cost of petrol etc. the existing rate of 55 paise per Kilometre will he enhanced to 95 paise per Kilometre. The Grade I Officers who claim specia l mileage allowance of 95 paise per kilometre will note in the T. A. Bills, the Registration Number of the special conveyance used by them.

**T. A. for journeys on transfer**

8. The following revised rates are prescribed for journeys, on traosfer:

If the journey is actually performed in First Class by a First Grade or a Second Grade Officer and cash receipt is produced, the Officer may claim such railway fare and three times the ncidental expenses applicable to him Extra fare admissible under the rules may also be allowed to his family members as at present. If the journey is not performed in First Class or it cash receipt is not actually produced, he may draw twice the rate applicable to him as prescribed in para 3 (i) above. This will be applicable to Third and Fourth Grade Officers also. The extra fare admissible to members of family. as admissible to journey by road will also be allowed as at present as per rule 67 II (ii) of K. S. R. Part II.

**Time taken for the to and fro journey:**

9. At present no time limit has been prescribed for the jouroeys on tour. For example if an officer goes to a short distance from his headquarters for inspection, he leaves the headquarters the previous day, inspects the office next day and returns to headquarters the following day. He is, therefore leigible to claim two Daily Allowances for the halt besides the T. A. claims

In order to curb this tendency, it is ordered that in the case of tours within 50 Kilometres from headquarters, onward journey is to be performed on the date on which official duty is to be performed at the out – station. Similarly return journy is to be performed on the date on which official business is completed at the out-station.

**Date of effect.**

10 The revision of T.A. rules as ordered above will apply to journeys undertaken form 1-11-1979.

11. In this conncetion attention of the Heads of Departments is invited to the Circular second cited where in it has been clarified that pending revision of the Grade of officers as pear the pay revisron which came into effect from 1-7-1978, the monetary limits in the pre-revised scales should be applied for the T. A. claims. The Heads of Departments are again requested to review the T. A. claims as ordered in the Circular second cited and recover excess paid if any

12. Necessary amendements to the rules in K. S. R. will be issued separately.

By order of the Governor,
S. PADMAKUMAR,
*Special Secretary Finance*

To

All Heads of Departments and Officers.
All Departments (All sections) of the Secretariate.
The Accountant General, Kerala. Trivandrnm.
The Secretary, Kerala Public Service Commission,
Trivandrum (with C. L.)
The Registrar, University of Kerala/Cochin/Calicut -do-
The Registrar, Kerala Agricultural Unixersity, Trichur -do-
The General Manger, Kerala StateRoad TransPort CorPoration
Trivandrum. -do-
The Secretary, Kerala state Electricity Board, Trivandrum. -do-
The Registrar, High Court of Kerala, ErnaKulam-do-
All Secretaries, Additional Secretaries, Joint Secretaries
Dequty Secretaries and under secretaries to Government
The Secretnry to Governor.
The Private Secretaries to the Chief Minister and otherMinisters
The under Secretary to the Chief Secretary.

# GOVERNMENT OF KERALA

## Higher Education Department:

NOTIFICATIONS

I

No. 17143/B2/79-1/H.Edn. *Dated, Trivandrum, 22nd August 1979*

**S. R. O. No. 1163/79.** — Under clause (a) of subsection (2) of Section 80A of the Kerala University Act, 1974 (17 of 1974), the Goverment of Kerala hereby authorise the Deputy Directors of Collegiate Education Central Zone and South Zone as tne competent officers whom the teachers or members of non-teaching staff of Private Colleges situated in their respective jurisdiction shouid satisfy, regarding any work entrusted to them in connection with an examination conducted by the University.

**Explanatory Note**

(This does not form part of the notification but is intended to give its general purport),

According to claus (a) of subsection (2) of Section 80A of the Kerala University Act. 1974 (17 of 1974), Government are to authorise an Officer not below the rank of a Deputy Director of Collegiate Education to satisfy himsel that a teacher ar member of the non-teachig staff of an affiliated college hal sufficient cause for not doing the work entrusted to him in connection with an examination conducted by the University of Kerala. Governmat have accordingly decided to authorise the Zonal Deputy Directors for the purpose. This notification s intended to achieve the above object.

II

No. 17143/B2/79-2/H.Edn. *Dated, Trivandrum, 22nd August 1979.*

**S. R. O. No. 1164/79.** — Under Clause (a) of subsection (2) of Section 79A of the Calicut University Act, 1975 (5 of 1975), the Government of Kerala hereby authorise the Deputy Director of Collegiate Education, North Zone as the competent officer, whom the teachers or members of non-teaching staff of Private Colleges situated in his jurisdiction should satisfy, regarding any work entrusteds to them in connection with an examination conducted by the University.

## Explanatory Note

(This does not from part of the notification but is intended to give its general purport).

According to clause (a) of subsection (2) of Section 79A of the Calicut University Act, 1975 (5 of 1975), Government are to authorise an Officer not below the rank of a Deputy Director of Collegiate Education to satisfy himself that a teacher or member of the non-teaching staff of an affiliated college had sufficient cause for not doing the work entrusted to him in connection with an examination conducted by the University of Calicut. Government have accordingly decided to authorise the Zonal Deputy Director, North Zone for the purpose. This notification is intended to achieve the above object.

By order of the Governor,
THOMAS CHERIAN,
*Joint Secretary.*

# സിൻഡിക്കേററിലേയ്ക്ക്

## എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥികൾ

### കേരളാ യൂണിവേർസിററി

1 പ്രൊ: ടി. ഗോപാലകൃഷ്ണൻ
എസ്. എൻ. കോളേജ് ചേർത്തല

2 ശ്രീ. എൻ. എം. ജോസഫ്
സെൻറ് തോമസ് കോളേജ്
പാലാ

### കോഴിക്കോട് യൂണിവേർസിററി

1 പ്രൊ: ആർ. ആർ. സി. നായർ
എൻ. എസ്. എസ്. കോളേജ്
ഒററപ്പാലം

2 പ്രൊ; വി. നാരായണൻകുട്ടി
ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട്

## അസോസിയേഷന് വിജയം

കേരളയൂണിവേർസിററി സെനററിലേയ്ക്ക് ബിരുദധാരികളുടെ മണ്ഡലത്തിൽ നിന്നുള്ള തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥിയായിരുന്ന ശ്രീ. ആർ. രമേശൻനായർ വിജയിച്ചു.

ശ്രീ. രമേശൻനായരുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവരേയും അസോസിയേഷൻ ജനറൽ സെക്രട്ടറി അഭിനന്ദിച്ചിരിയ്ക്കുന്നു.

## കോഴിക്കോട് യൂണിവേർസിററി

ബിരുദധാരികളുടെ മണ്ഡലത്തിൽ നിന്നും കോഴിക്കോട് യുണിവേർസിററി സെനററിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുണ്ടായിരുന്ന സ്റേറ നീക്കം ചെയ്തിരിക്കയാണ്. ഫെബ്രുവരി 15ന് തെരഞ്ഞെടുപ്പ് നടക്കും. ഡോ: പി. സുകുമാരപ്പണിക്കർ എ. കെ. പി. സി. ടി. എ. സ്ഥാനാർത്ഥിയായി മൽസരിയ്ക്കുന്നു.

For comfortable stay

# KAYCEES

**the most modern and luxurious lodge**

**Y. M. C. A. Road, KOTTAYAM**

**Phone: 3440**

---

വിദ്യാഭ്യാസരംഗവുമായി
ബന്ധപ്പെടുന്ന ഏവർക്കും

വായിക്കുവാനും
സൂക്ഷിക്കുവാനും

# കേരള

# പ്രൈവററ് കോളേജ് ടീച്ചർ

മാസിക

വാർഷിക വരിസംഖ്യ അഞ്ച് രൂപ
ഒററപ്രതി അമ്പതു പൈസ

എഴുതുക
ചീഫ് എഡിററർ
**കേരള പ്രൈവററ് കോളേജ് ടീച്ചർ**
'വസന്തം' —ചെമ്പകശ്ശേരി ലെയിൻ
കേശവദാസപുരം—തിരുവനന്തപുരം—4

kerala private college teacher

Vol. 2 No. 6-7

# എ. കെ. പി. സി. ടി. എ
# പതിനൊന്നാം കൺവെൻഷൻ
## 1980 മാർച്ച് 7, 8- കോട്ടയത്ത്

കൺവെൻഷനോടനുബന്ധിച്ച്
സോവനീർ
പ്രസിദ്ധീകരിയ്ക്കുന്നു.

പരസ്യക്കാർക്ക്
സുവർണ്ണാവസരം

**advertisment rate**

| | | |
|---|---|---|
| last cover | — | Rs. 2000/- |
| first inside cover | — ,, | 1500/- |
| last inside cover | — ,, | 1000/- |
| full page | — ,, | 500/- |
| half page | — , | 300/- |
| quarter page | — ,, | 200/- |

**technical data**

| | |
|---|---|
| Size | : demy 1/4 |
| Size of type page | : 22 × 16 cm |
| Column length | : 22 cm |
| Column width | : 8 cm |
| Number of Columns | : 2 |
| total page | : 125 |
| price Rs. 7/- | |

എഴുതുക
പ്രൊ: കെ. സി. ചാക്കോ
കൺവീനർ
സോവനീർ കമ്മിററി
സി. എം. എസ്. കോളേജ്
കോട്ടയം.

*printed and published by prof. v. narayanan kutty, general secretary, a k p c t a, at anupama printers, trivandrum, chief editor. v. n. murali.*